
# WINDOW
## TO A NEW WORLD



GVHSS FOR GIRLS, NADAKKAVU


Ganeemah Mahboob
9C

## സന്ദേശം

നമ്മുടെ വിദ്യാലയത്തിൽ ആദ്യമായി ഒരു
ഡിജിറ്റൽ മാഗസിൻ പിറവിയെടുക്കുകയാണ്.
കുട്ടികളുടെയും അധ്യാപകരുടെയും സർഗസൃഷ്ടികളാണ്
ഇതിലെ ഉള്ളടക്കം.
സർഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം
നൂതന സാങ്കേതങ്ങളെ പരിചയപ്പെടുത്തുക
എന്നത് കൂടിയാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം.
ചുരുങ്ങിയ ചെലവിലും, സമയത്തിലും
രചനകളുടെ വ്യാപനം സാധ്യമാവുന്നു എന്നതും
കടലാസിന്റെ ഉപയോഗം കുറച്ച് പരിസ്ഥിതി
സൗഹൃദമാവുന്നു എന്നതും ഇതിന്റെ സവിശേഷതയാണ്.
ഈ ഡിജിറ്റൽ മാഗസിന്റെ അരങ്ങിലും അണിയറയിലും
പ്രവർത്തിച്ച പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ.

# പ്രണയ താഴ്‌വരയിലെ ദേവതാരു

പ്രണയത്തിന്റെ മഹാകാശത്തിലേക്ക് പറക്കുന്ന ഇണകളുടെ ഉതലങ്ങളിൽ മനോഹരമായി അവതരിപ്പിക്കുന്ന നോവൽ പ്രകാശും പമേലയും ഹർഷനും സൈറയും രണ്ട് ഭൂഖണ്ഡങ്ങളിൽ നിന്നും പ്രണയ താഴ്‌വരയിൽ എത്തുന്ന യുവ വസന്തങ്ങൾ കലയും തത്വചിന്തയും എൻജിനീയറിങ്ങും ബൗദ്ധിക പശ്ചാത്തലമാകുന്ന നോവൽ ഉത്തമ ഗീതവുമായി ഗീതാഗോവിന്ദവും മുതൽ തുടങ്ങുന്ന പ്രണയ ഹർഷത്തിന്റെ നൂതന ആവിഷ്കാരം ആണ് പ്രണയതാഴ്‌വരയിലെ ദേവദാരു എന്ന നോവലിൽ ജോർജ്ജ് ഓണക്കൂർ ആവിഷ്കരിച്ചത്. ഭർത്താവിന്റെ മരണത്തിൽ തളരാതെ ചെറുപ്പത്തിൽ പഠിച്ച നൃത്തച്ചുവടുകൾ ഓർത്തെടുത്ത് തനിക്കും മകനും ജീവിതമാർഗം കണ്ടെത്തിയ ഒരമ്മ സ്വകാര്യമായ ഉയർച്ചയോ ധനസമ്പാദനമോ അല്ല രാജ്യത്തിനുവേണ്ടി സേവനം ചെയ്യുകയാണ് വേണ്ടത് എന്ന ജീവിത പാഠം പകർന്നുകൊടുത്തു അവർ മകനെ വളർത്തി .ആ അമ്മയുടെ കഥയാണ് ഭൂമിയുടെ സ്വപ്നം ."പ്രണയതാഴ്‌വരയിലെ ദേവദാരു "എന്ന നോവലിലെ ഒരു ഭാഗമാണിത് .അച്ഛന്റെ അഭാവത്തിൽ അമ്മ പകർന്നുനൽകിയ സ്നേഹവും കരുതലും അനുഭവിച്ചു വളർന്ന ഹർഷവർദ്ധനൻ എന്ന ഉണ്ണി .സ്വന്തം നാടിന്റെ സംസ്കാരത്തോട് മമതയും അഭിമാനവും ഉള്ളവനായിട്ടാണ്  ഉണ്ണിയെ വളർത്തിയത്. ഐ.ഐ.ടി. എൻട്രൻസ് ടെസ്റ്റ് എഴുതി  അതിൽ  ഉണ്ണി മികച്ച റാങ്ക് വാങ്ങുകയും ചെയ്തു.മുംബൈ ഐ.ഐ.ടിയിൽ എയ്റോ സ്പെയിസ് എഞ്ചിനിയറിങ്ങിന് പ്രവേശനവും കിട്ടി. ഉണ്ണിയുടെ മനസ് വികാരസാന്ദ്രമായി. അമ്മയെ വിട്ടുപോവാൻ മടിച്ച ഉണ്ണിയെ അമ്മതന്നെയാണ് നിർബന്ധിച്ച് ഉപരിപഠനത്തിന് അയച്ചത്. രാജ്യത്തിന്റെ അഭിമാനമായി മാറണം.ധനസമ്പാദനമല്ല ,രാഷ്ട്രസേവനമായിരിക്കണം ലക്ഷ്യം എന്ന അമ്മയുടെ വാക്കുകൾ  ഉണ്ണിയെ ഉയരങ്ങളിലേക്ക് എത്തിക്കുന്നു. ഒരു യാത്രയുടെ ഭാഗമായി ഇറ്റലിയിൽ എത്തിയ ഉണ്ണി ഗവേഷണവിദ്യാർത്ഥിനിയായ സൈറയെ പരിചയപ്പെടുകയും അവർ പ്രണയത്തിലാവുകയും ചെയ്യുന്നു.ഗാന്ധിയെയും ടാഗോറിനെയും ഇന്ത്യയെയും ഇഷ്ടമുള്ളവളായിരുന്നു സൈറ. അവർ ഇന്ത്യയിലേക്ക് വരികയും അമ്മയുടെ നിർദേശപ്രകാരം ഉണ്ണി സൈറയുടെ കഴുത്തിൽ താലി ചാർത്തുകയും ചെയ്തു.

കേരളത്തിലെ ഉൾനാടൻ ഗ്രാമപ്രദേശം മുതൽ ഇന്ത്യയും ഇറ്റലിയുമെല്ലാം ഈ നോവലിന്റെ പശ്ചാത്തലഭൂമിയാണ്. എല്ലാ അമ്മമാർക്കും മക്കൾ അടുത്തുവേണം. ഈ കഥയിലെ അമ്മയും അങ്ങനെയാണ്. പക്ഷേ ആ സ്വാർത്ഥത കാണിക്കാതെ രാഷ്ട്രസേവനത്തിനായി അമ്മ മകനെ വിട്ടുകൊടുക്കുന്നു. പക്ഷേ താൻ പോയിക്കഴിഞ്ഞാൽ  അമ്മ എങ്ങനെ ജീവിക്കുന്നു എന്ന് ഉണ്ണി അന്വേഷിച്ചതേയില്ല.ജീവിതത്തിലെ പാഠങ്ങൾ  പഠിക്കാൻ മികച്ചതാണ് ഈ നോവൽ.മാതൃത്വത്തിൻറെ മഹാശക്തിയായ അമ്മ ഈ കഥയിൽ ഏറെ പങ്ക് വഹിക്കുന്നു. ഏറെ ജീവിതമൂല്യമുള്ള നോവലാണ് പ്രണയതാഴ്വരയിലെ ദേവദാരു.

**അർച്ചന മുരളി**

**8 C**

# DEATH



For the Angel of Death
spread his wings
on the blast,
And breathed in the face of
the foe as he passed;
And the eyes of the sleepers
waxed deadly and chill,
And their hearts but
once heaved,
and for ever grew still!

jandii

ANAMIKA V
XE

# എന്റെ യൂറോപ്യൻ യാത്ര

യാത്രാവിവരണം എന്ന ആശയം കേട്ടപ്പോൾ എന്റെ മനസിലേക്ക് ആദ്യമെത്തിയത് എന്റെ യൂറോപ്യൻ യാത്രയാണ്. അതും ആ യാത്രയിൽതന്നെ ഉണ്ടായ ആഡംബരകപ്പൽയാത്രയും എന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളായിരുന്നു. ഞാൻ നാലാംക്ലാസിൽ പഠിക്കുമ്പോൾ ഞങ്ങൾ നാട്ടിൽനിന്ന് ബഹറിനിലേക്ക് പപ്പയുടെ അടുത്തേക്ക് പോയി. തണുപ്പ് രാജ്യങ്ങളിലേക്കുള്ള യാത്രക്കുള്ള മുന്നോടിയായി ഞങ്ങളെല്ലാവരും കുറച്ച് കമ്പിളി വസ്ത്രങ്ങളും തൊപ്പികളും വാങ്ങിച്ചിരുന്നു.രണ്ടായിരത്തി പതിമൂന്ന് നവംമ്പർ ആറിന് രാവിലെ ബഹറൈൻ വിമാനത്താവളത്തിൽനിന്നും ദുബായിലേക്ക് യാത്രയായി.

ദുബായ് വിമാനത്താവളത്തിൽ മൂന്ന് മണിക്കൂർ കാത്തിരിപ്പിനുശേഷം ലോകത്തിലെ ഏറ്റവും വലിയ വിമാനമായ എമിറേറ്റ്സിന്റെ എയർബസ് എ 380 യാത്രചെയ്യാനുള്ള ഭാഗ്യവും കിട്ടി. ഞാനും എന്റെ സഹോദരങ്ങളും വളരെ സന്തോഷത്തിലായിരുന്നു. ആറ് മണിക്കൂർ ഉല്ലാസകരമായ ആകാശയാത്രക്കുശേഷം ഞങ്ങൾ ഇറ്റലിയിലെ റോമിൽ വിമാനം ഇറങ്ങി. വിമാനത്താവളത്തിൽ ഞങ്ങളെ ഹോട്ടലിലേക്ക് കൂട്ടിക്കൊണ്ടുപോവാനുള്ള ആൾ കാത്തിരിക്കുന്നുണ്ടായിരുന്നു.നവംമ്പർ മാസമായതുകൊണ്ടാവാം നല്ല തണുപ്പായിരുന്നു അവിടെ. കുറച്ചുനേരത്തെ വിശ്രമത്തിനുശേഷം റോമിലെ കൊളോസിയം കാണാൻ പോയി.പിറ്റേദിവസം രാവിലെ വത്തിക്കാൻ സിറ്റിയിലേക്ക് പോയി.സുരക്ഷാപരിശോധനകൾക്കുശേഷം ഞങ്ങൾ അവിടുത്തെ പള്ളിയിലും പ്രശസ്ത കലാകാരനായ മൈക്കൽ ആഞ്ചലോ ഉൾ പ്പെടെയുള്ള അനേകം ചിത്രകാരൻമാരുടെ ചിത്രങ്ങളും കൊത്തുപണികളും നിറഞ്ഞ സിസ്റ്റൈൻ ചാപ്പലുമൊക്കെ സന്ദർ ഷിച്ചു.ഇറ്റലിയിൽ രണ്ട് ദിവസം താമസിച്ചതിനുശ്ഷം ഞങ്ങൾ എം.എസ്.സി. സ്പ്ലെൻഡിഡ എന്ന ആഡംബര കപ്പലിൽ യാത്ര തുടങ്ങി. പിന്നെ ഏഴ് ദിവസം ഞങ്ങളുടെ യാത്ര കപ്പലിലായിരുന്നു.

കപ്പലിലെ സൗകര്യങ്ങൾ ശരിക്കും ഒരു പഞ്ചനക്ഷത്രഹോട്ടലിൽ ഉള്ളതിനെക്കാൾ മികച്ചതായിരുന്നു.കപ്പൽ യാത്രയിൽ ഫ്രാൻ സിലെ പാരീസ്,സ്പെയിനിലെ ബാർസലോണ,വലൻഷ്യ തുടങ്ങിയ സ്ഥലങ്ങളും ആഫ്രിക്കൻ രാജ്യമായ ടുണീഷ്യയിലും സന്ദർശനം നടത്തി. എന്റെ ഒമ്പതാം പിറന്നാൾ - നവംമ്പർ പന്ത്രണ്ടിന് കപ്പലിൽ വച്ച് വിപുലമായി ആഘോഷിച്ചു. കപ്പലിലെ ജീവനക്കാർ കേക്കും മിഠായികളും ജ്യൂസുകളും കൊണ്ടുവന്ന് എനിക്കുചുറ്റുംനിന്ന് പാട്ടും ഡാൻസും ഒക്കെയായി അടിപൊളിയായിരുന്നു. അങ്ങനെ ഏഴ് ദിവസത്തെ കപ്പൽ യാത്ര കഴിഞ്ഞ് ഞങ്ങൾ റോമിൽ തിരിച്ചെത്തി. തിരിച്ചുവരുമ്പോൾ എല്ലാവരും കപ്പലിൽനിന്ന് ഇറങ്ങിയതിന്റെ സങ്കടത്തിലായിരുന്നു.

റോമിൽ നിന്നും തിരിച്ച് ബഹറിനിൽ എത്തി അവിടെ കുറച്ചുദിവസം തങ്ങിയതിനുശേഷം ഞങ്ങൾ നാട്ടിലേക്ക് തിരിച്ചുവന്നു. ഇനി ഒരിക്കൽ കൂടി അതുപോലൊരുയാത്രക്ക് പോവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് എപ്പോഴും ആശിച്ചുപോവാറുണ്ട്.

ഇൽന ഹാരിസ്

10 F

# TRUE FRIENDSHIP

PENCIL-I'm Sorry

ERASER-For what?You didn't do anything wrong.

PENCIL-I'm Sorry.You get hurt of me.Whenever I make mistakes,you are always there to erase it.But as you make mistakes vanished,you lost a part of yourself and get smaller and smaller.

ERASER-That's true.But I dont really mind. You see,I was made to do this.I was made to help you whenever you do something wrong.Eventhough one day I will be gone.I am actually happy with my job.So please stop worrying.I hate seeing you sad.

Our parents are like this,they are the eraser.we children are the pencil.They are always there for their children correcting their mistakes.Sometimes they get hurt and become smaller.

Take care of your parents,treat them with kindness and most especially love them.





# ജനിക്കാത്ത കുഞ്ഞിന്റെ ആത്മകഥ

രാമാ, എനിക്ക് സന്തോഷം കൊണ്ട് ഇരിക്കാൻ വയ്യേ... അവൾ നിലവിളിച്ചു .അമ്മയ്ക്കിന്ന് നല്ല സന്തോഷമുള്ള ദിവസമാണ്. എന്താണെന്നോ.. അമ്മയ്ക്ക് ആദ്യമായി ഇന്ന് ഒരുകുഞ്ഞുണ്ടാവാൻ പോവുകയാണ്. അതാരാണെന്നോ .ഞാനാ. അമ്മയുടെ കുട്ടിയാവുന്നതിൽ എനിക്ക് നല്ല സന്തോഷമുണ്ട്. എടീ സിന്ധു എന്റെ അമ്മയോട് പറയേണ്ടേ .അതാ അച്ഛൻ. ഓ എന്റെ അമ്മയെ ഞാൻ വിളിക്കാൻപോവുകയാ. നിങ്ങളുടെ അമ്മയെ നിങ്ങൾ വേണേ വിളിച്ചോ. ആ തള്ള ഇതറിഞ്ഞാൽ ഇങ്ങോട്ട് കെട്ടിയെടുക്കും. വരുന്നതല്ല പ്രശ്നം. ഉപദേശങ്ങളാ. അമ്മയുടെ വാക്കുകൾ കേട്ട് അച്ഛൻ ആരെയും അറിയിച്ചില്ല. അറിഞ്ഞോ അറിയാതെയോ അച്ഛമ്മ ആ വാർത്ത അറിഞ്ഞു.അച്ഛമ്മ ഓടി വീട്ടിലെത്തി. അമ്മയെ ശുശ്രൂഷിക്കാനും ഉപദേശിക്കാനും തുടങ്ങി. അമ്മമ്മ വരാത്ത ദേഷ്യത്തിൽ അമ്മ അതൊന്നും ചെവിക്കൊണ്ടില്ല. പിറ്റേദിവസം അമ്മമ്മ വന്നു. അതിനുശേഷം അമ്മ അവരോടൊപ്പം തന്നെയായിരുന്നു. അച്ഛമ്മയുടെ വാക്കിന് വിലകൽപ്പിക്കാതെ അവരെ ഒഴിവാക്കാൻ ശ്രമിച്ചു. അച്ഛമ്മക്ക് നല്ല സങ്കടം ഉണ്ടായിട്ടും അമ്മയെ വഴക്ക് പറഞ്ഞില്ല. അമ്മമ്മയുടെ വാക്കുകേട്ട് അമ്മ അച്ഛമ്മയോട് ഇറങ്ങിപോവാൻ പറഞ്ഞു. അങ്ങനെയിരിക്കെ അമ്മമ്മ അമ്മയോട് ഒരുകാര്യം ചോദിക്കുന്നത് കേട്ടു. എടി നിന്റെ കുഞ്ഞ് ആണോ ,പെണ്ണോ. അറിയില്ല അമ്മേ എന്തായാലും എന്റെ കുഞ്ഞല്ലേ. നാളെ നീ പോയി സ്കാൻ ചെയ്ത് നോക്ക്. അപ്പോൾ അറിയാലോ ആണോ പെണ്ണോ എന്ന്. പിറ്റേന്ന് രാവിലെ അമ്മയും അമ്മമ്മയും ആശുപത്രിയിലേക്ക് പോയി. അവർ ഡോക്ടറുടെ അടുത്ത്ചെന്ന് കാര്യം പറഞ്ഞു. ഡോക്ടർ സമ്മതിച്ചില്ല. അവർ കുറേ ആവശ്യപ്പെട്ടപ്പോൾ അച്ഛന്റെ ഒപ്പ് വേണമെന്ന് പറഞ്ഞു. അതുസമ്മതിച്ച അമ്മമ്മ ഡോക്ടറുടെ കൈയ്യിൽനിന്ന് കടലാസ് വാങ്ങി വീട്ടിലേക്കെന്നപോലെ മടങ്ങി. ഇനി എന്തുചെയ്യും അമ്മേ, എന്റെ അമ്മ ചോദിച്ചു.നിനക്ക് രാമന്റെ ഒപ്പിടാനാവുമോ.ഓ അറിയാലോ. എന്നാൽ ഈ കടലാസിൽ അവന്റെ ഒപ്പിട്. ഒരുപേടിയുമില്ലാതെ അമ്മ അതിൽ ഒപ്പിട്ട് ആ കടലാസുമായി ഡോക്ടറുടെ അടുത്ത്ചെന്നു. ഡോക്ടർ

സ്കാൻ ചെയ്തു. ഡോക്ടർ കുട്ടി പെണ്ണോ ആണോ. അമ്മ ചോദിച്ചു. പെണ്ണ് എന്നായിരുന്നു ഉത്തരം. അതുകേട്ടപ്പോൾ അമ്മമ്മയ്ക്ക് ഇഷ്ടപ്പെട്ടില്ല. വീട്ടിലെത്തിയപ്പോൾ അമ്മമ്മ പറഞ്ഞു. ഈ കുഞ്ഞ് വേണ്ട മോളേ. ഇതിനെ കൊന്നുകളഞ്ഞേക്ക്. പെട്ടന്ന് കേട്ടതുകൊണ്ടാവാം ആദ്യം അമ്മ സമ്മതിച്ചില്ല. അമ്മമ്മയുടെ നിർബന്ധം കൂടിയപ്പോൾ അമ്മ സമ്മതിച്ചു. ഈ വാർത്ത അച്ഛനോട് പറഞ്ഞു. അച്ഛൻ ഒട്ടും സമ്മതിച്ചില്ല. അമ്മ പറയുന്നതിൽ കൂടുതൽ ഒരുവാക്കും ഇല്ല അച്ഛന്. പക്ഷേ ഈ കാര്യത്തിൽ അച്ഛൻ സമ്മതിച്ചില്ല. നമുക്ക് അഞ്ച് വർഷത്തിന് ശേഷം കിട്ടിയ കുഞ്ഞല്ലേ ഇത് . എന്തിനാ നശിപ്പിക്കുന്നേ. അമ്മ മറുപടി പറഞ്ഞു. അത് ഒരു പെൺകുട്ടിയാണ് ,നമുക്ക് പെൺകുട്ടി വേണ്ട. അങ്ങനെ എന്നെ കളയാനായി അവർ ആശുപത്രിയിലെത്തി. അമ്മയുടെ ഉടലിൽനിന്ന് അവർ എന്നെ തുടച്ചുനീക്കി. ഞാനിപ്പോൾ അമ്മയുടെ ഉടലിൽ ഇല്ല. എന്നെ ഭൂമിയിലേക്കയച്ച ദൈവത്തിന്റെ അടുത്തേക്ക് പോവുന്നു. ഈ ഭൂമി വിട്ടുപോവാൻ എനിക്കൊട്ടും താൽ പര്യമില്ലായിരുന്നു. അങ്ങ് മുകളിലിരുന്ന് ഞാൻ അമ്മയെനോക്കി. അമ്മ നല്ല സങ്കടത്തിലായിരുന്നു. അമ്മയ്ക്ക് ഇതുവരെ ഒരു കുഞ്ഞുണ്ടായിട്ടില്ല. ഒരു കുഞ്ഞിക്കാൽ കാണാനുള്ള അമ്മയുടെ ദുഖം ഞാൻ അറിഞ്ഞു. വീണ്ടും കുഞ്ഞ് പെണ്ണായാൽ അമ്മ എന്തുചെയ്യുമെന്ന തോന്നൽ എന്നെ അലട്ടിക്കൊണ്ടിരുന്നു.

ലാമിയ

8D


ഗാന്ധി ദർശൻ
കലോത്സവം
GANDHI



SAND PAINTING BY MANZOOR




SHOT ON OPPO

# ഊട്ടിയിലെ കുളിരും മസനഗുഡിയിലെ കാറ്റും

ഏഴാം ക്ലാസിൽ പഠിക്കുമ്പോഴുള്ള രണ്ടായിരത്തി പതിനെട്ടിലെ യു.പി.വിദ്യാർഥികൾക്കുള്ള പഠനയാത്ര ഇത്തവണ ഊട്ടി ,മസനഗുഡി,മുതുമല എന്നിവടങ്ങളിലേക്കായിരുന്നു. പഠനയാത്രക്ക് പോവാൻ വീട്ടിൽനിന്ന് സമ്മതം കിട്ടിയപ്പോൾ തന്നെ ഞാൻ വലിയ ആവേശത്തിലായിരുന്നു. കാരണം സംസ്ഥാനം വിട്ടുള്ള യാത്ര എൻറെ ജീവിതത്തിൽ ആദ്യത്തേതാണ്. തലേദിവസം തന്നെ യാത്രക്കാവശ്യമായ സാധനങ്ങളെല്ലാം ഞാൻ സംഘടിപ്പിച്ചു. നവംബർ ഇരുപത്തിയെട്ടാം തീയ്യതി രാത്രി ഒമ്പത് മണിക്കാണ് സ്ക്രൂളിൽ നിന്ന് യാത്ര പുറപ്പെടുന്നത്. അതുകൊണ്ടുതന്നെ യാത്രപോവുന്ന കുട്ടികളെ അൽപം നേരത്തെ തന്നെ സ്ക്രൂളിൽനിന്ന് വിട്ടിരുന്നു. രാത്രി എട്ടേ മുപ്പതിന് മാമൻറെ ക്രൂടെ ഞാൻ സ്കൂളിലെത്തി. ഒമ്പത് മണിയോടെ ബസ് എത്തി. കുട്ടികളെയെല്ലാം ക്ലാസിലിരുത്തി ആവശ്യമായ നിർദ്ദേശം തന്ന് ആറ് പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിച്ചു. എട്ട് അദ്ധ്യാപകരും അമ്പത്തിയഞ്ച് കുട്ടികളും അടങ്ങുന്ന പഠനയാത്രാസംഘം യാത്ര തുടങ്ങി.രാത്രിയായതുകൊണ്ട് പെട്ടെന്ന് തന്നെ ഞാൻ ഉറങ്ങിപോയി. പിറ്റേദിവസം പുലർച്ചേ ഞങ്ങൾ ക്രൂനൂരിൽ എത്തി.പ്രാഥമികകൃത്യങ്ങൾ നിർവ്വഹിച്ചശേഷം ഊട്ടിയിലെ തണുപ്പിനെ പ്രതിരോധിക്കാൻ സ്വറ്ററും സോക്സും ഗ്ലൗസും അണിഞ്ഞ് എല്ലാവരും റെഡിയായി. പതിമൂന്ന് ഡിഗ്രിയാണ് അന്നവിടെ തണുപ്പ്.ഞങ്ങൾ ഹോട്ടലിൽപോയി പ്രാതൽ കഴിച്ചു.ഇന്ത്യയിൽ നീലകുറുഞ്ഞിപൂക്കുന്ന അപൂർവ്വം സ്ഥലങ്ങളിൽ ഒന്നാണ് ഊട്ടി. തേയിലതോട്ടങ്ങൾക്കും മേൽത്തരം ചായക്കും പേരുകേട്ട സ്ഥലം. ഞങ്ങൾ ഒരു തേയില ഫാക്ടറിയിൽ പോയി ചായപ്പൊടി നിർമ്മാണം,ചോക്ലേറ്റ് നിർമ്മാണം എന്നിവ നേരിട്ട് കണ്ടു. അതിനുശേഷം ട്രെയിൻ യാത്രക്കായി ക്രൂന്നൂർ സ്റ്റേഷനിൽ എത്തി.യുനെസ്കോയുടെ പൈതൃകപട്ടികയിൽ ഇടംപിടിച്ചതാണ് ഈ തീവണ്ടി. മഞ്ഞിനെ കീറിമുറിച്ചുകൊണ്ട് തീവണ്ടി കുതിച്ചുപാഞ്ഞു. ഊട്ടിസ്റ്റേഷനിൽ എത്തുമ്പോഴേക്കും പന്ത്രണ്ട് മണി കഴിഞ്ഞു. ഉച്ചയ്ക്ക് ശേഷം ബോട്ടാണിക്കൽ ഗാർഡണിൽ പോയി. അമ്പത്തിയഞ്ച് ഏക്കറിൽ പരന്നുകിടക്കുന്ന മനോഹരമായ ഉദ്യാനത്തിൽ ഇരുപത് ദശലക്ഷം പഴക്കമുള്ള ഫോസിൽ മരം,പേപ്പർ ബാർക്ക് മരം,വിവിധ തരം പനിനീർപൂക്കൾ

തുടങ്ങിയവ കണ്ടു. അതിനുശേഷം ഷോപ്പിങ്ങിന് പോയി തിരികെ റൂമിലെത്തി കിടന്നുറങ്ങി.

കാലത്ത് നേരത്തെ ഉണർന്ന് ഭക്ഷണം കഴിച്ച് റോസ് ഗാർഡൻ താഴ്വരയിലേക്ക് പോയി. അവിടുത്തെ സുന്ദരമായ കാഴ്ചക്കുശേഷം മുതുമലയിലേക്ക് യാത്ര തിരിച്ചു.നീലഗിരി മലനിരകളുടെ വടക്കുപടിഞ്ഞാറൻ ഭാഗമാണ് മുതുമല. വന്യജീവി ദേശീയഉദ്യാനവും കടുവസങ്കേതവും കൂടിയാണിത്. അതിനുശേഷം ഏഴുകിലോമീറ്റർ വനത്തിലൂടെ ജീപ്പ് യാത്രക്കുശേഷം മസനഗുഡിയിലെത്തി. യാത്രയിലുടനീളം ആന,കാട്ടുപോത്ത്,മയിൽ,മാൻ എന്നിവയെയെല്ലാം കൺനിറയെ കണ്ടു.മസനഗുഡി ഏകദേശം മുന്നൂറ്റി ഇരുപത് കിലോമീറ്റർ ചുറ്റളവിലുള്ള റിസർവ് ടൈഗർ ഫോറസ്റ്റ് ആണ്. തുടർന്നുള്ള യാത്രയിൽ ഞങ്ങൾ മേയാർ ഡാമിൽ എത്തി. ഇരുപത് വർഷത്തിനുശേഷം ഡാം തുറന്നതിൻറെ പിറ്റേന്നാണ് ഞങ്ങൾ അവിടെ എത്തിപ്പെട്ടത് എന്നത് തികച്ചും യാദൃശ്ചികമായിരുന്നു. അതിനുശേഷമുള്ള യാത്ര തമിഴ്നാട് വനം വകുപ്പിൻറെ തെപ്പക്കാട്ടുള്ള ആനകേന്ദ്രത്തിലാണ്. പതിനൊന്ന് ആനകൾ അവിടെ ഉണ്ടായിരുന്നു.അവിടെ ആനകൾക്ക് ഭക്ഷണം ഉണ്ടാക്കുന്നത് കാണാൻ ഏറെ രസം തോന്നി. മുതിര ,റാഗി,ശർക്കര,ഉപ്പ്.ചോറ്,തേങ്ങ,കരിമ്പ് തുടങ്ങിയവയൊക്കെ നന്നായി കുഴച്ച് ഉരുട്ടി ആനയുടെ വായിൽ വെച്ച് നൽകുന്നു. കാണാനെത്തുന്നവർക്കും വെള്ളവും പട്ടയുമൊക്കെ നൽകാം. വൈകുന്നേരത്തോടെ ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു.രാത്രിയിൽ മഞ്ഞുവീണ പാതയിലെ ഫോഗ് ലൈറ്റുകളും രാത്രി കാഴ്ചകളും കണ്ട് ഞങ്ങൾ ഇരുന്നു. മയക്കത്തിൽ എപ്പോഴോ ഞെട്ടി ഉണർന്നപ്പോൾ കണ്ടത് കൂട്ടുകാരുടെ പാട്ടും ഡാൻസുമായിരുന്നു. അതാസ്വദിച്ചുകൊണ്ട് രാത്രി പന്ത്രണ്ട് മണിയോടെ തിരികെ വീട്ടിലെത്തി. എക്കാലവും മനസിൽ സൂക്ഷിക്കാൻ മനസിൽ ഒരുപിടി ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് ... നിഹാ സൈനബ



Sandra p

10 A




Ganeemah Mahboob
9C


POCO
SHOT ON POCO F1


POCO
SHOT ON POCO F1


Aleena. A. Biju
IX - C
Aleena


കേന്ദ്രം


LET DEVOLOP
OUR LIVES
OUR COMMUNITIES
OUR IDENTITIES
WITHOUT DRUGS

# പശ്ചിമഘട്ടത്തിന്റെ ഹൃദയത്തിലേക്ക്

രണ്ടായിരത്തിപതിനഞ്ച് മാർച്ച് ഇരുപത്തിയാറ് ഊട്ടിയിലൂടെ ഒരു യാത്ര. ഇരുവശങ്ങളിലും കാട് തിങ്ങിനിൽക്കുന്നു. ഇടതൂർന്ന വഴികളിലൂടെയാണ് സഞ്ചാരം. വണ്ടിയിൽ ഇരിക്കുമ്പോൾ ആകാംക്ഷയായിരുന്നു മനസിൽ. പുതിയ വഴികൾ ,പുതിയ സ്ഥലങ്ങൾ പലതരത്തിലുള്ള പക്ഷി മൃഗാദികൾ.വണ്ടിയുടെ ഗ്ലാസിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ അങ്ങകലെ പശ്ചിമഘട്ടമലനിരകൾ കാണാം. മഞ്ഞിൻറെ പുതപ്പിനടിയിൽ ഒളിച്ചിരിക്കുന്ന പശ്ചിമഘട്ടം സൂര്യപ്രഭയാൽ തിളങ്ങി നിന്നു.

ഊട്ടിയിലെ റോസ് ഗാർഡൻ. ഇളംതെന്നൽ തഴുകിവരുന്ന പൂക്കളുടെ സുഗന്ധം അത് അവിടെയൊട്ടാകെ നിറഞ്ഞുനിന്നു. വ്യത്യസ്ത നിറത്തിലും വലുപ്പത്തിലുമുള്ള റോസ് ചെടികളെകൊണ്ട് സമ്പന്നമായിരുന്നു ഗാർഡൻ.

പൈക്കരനദി. ഊട്ടിയുടെ ഹൃദയ കാലിലിടുന്ന മണിഊട്ടി അഥവാ ഉദകമണ്ഡലം തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ ഒരു മലയോരപട്ടണം.ദക്ഷിണേന്ത്യയിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രം. സഞ്ചാരികളെ ഏറ്റവും ആകർ ഷിക്കുന്ന സ്ഥലമാണിത്. ക്വീൻ ഓഫ് ഹിൽസ്റ്റേഷൻസ് എന്നറിയപ്പെടുന്ന ഇന്ത്യയിൽ നീലകുറുഞ്ഞിപൂക്കുന്ന അപൂർവ്വം ചില സ്ഥലങ്ങളിൽ ഒന്ന്. ഭാഗത്തുനിന്നും ഒഴുകുന്ന ശ്രേഷ്ഠമായ നദി. ശാന്തവും വിശാലവുമായി കളകളശബ്ദത്തോടെ താളാത്മകമായി ഒഴുകുന്നു. പൈക്കര നദിയിലൂടെയുള്ള ബോട്ടിങ്ങിൻറെ രസം മറക്കാനാവില്ല. നദിയുടെ മറുവശം നിഗൂഢമായ ഘോരവനങ്ങളാണ്. ബോട്ടിലൂടെ പോവുമ്പോൾ കാട്ടിൽനിന്നും പല ശബ്ദങ്ങളും കേൾക്കാം. വെള്ളത്തിലൂടെ കുതിച്ചുപായുന്ന മീനുകളെ കാണാം.

ഊട്ടിയിലെ റെയിൽവെസ്റ്റേഷൻ കേരളത്തിലേതുപോലെയുള്ള സൗകര്യങ്ങളൊന്നുമില്ല. കിലുക്കം സിനിമയിൽ രേവതി ഊട്ടിയിലേക്ക് വന്നിറങ്ങിയത് ആ ട്രെയിനിലായിരുന്നു. ഊട്ടി കറങ്ങുന്നതിനിടയിൽ പലരും മറന്നുപോവുന്ന സ്ഥലമാണ് കൂന്നൂർ. നീലഗിരി ജില്ലയിലെ മുനിസിപ്പാലിറ്റിയാണ് കൂന്നൂർ. മേട്ടുപാളയത്തിൽനിന്ന് ഊട്ടിയിലേക്ക് പോവുന്ന വഴിക്കാണ് കൂന്നൂർ. കൊടുംതണുപ്പിനെ കീറിമുറിച്ച് ഒരു കുതിരയെപോലെ ട്രെയിൻ കൂന്നൂരിലെത്തി.പ്ലാറ്റ്ഫോമിൽ പലയിടത്തായി കെട്ടുകണക്കിന് പൂക്കൾ.ചെട്ടി,റോസ്, ജമന്തി തുടങ്ങിയ ധാരാളം പൂക്കൾ അതിൽ ഉൾപ്പെട്ടിരുന്നു. കുന്ദനദിക്കടുത്തുള്ള വെള്ളച്ചാട്ടം കാണാനായിരുന്നു ആദ്യം പോയത്. മലമുകളിൽ നിന്ന് പാഞ്ഞുവരുന്ന തീവണ്ടിയെപോലെ വെള്ളം താഴേക്ക് ചാടിയിറങ്ങി. ഉച്ചയ്ക്ക് ഹോട്ടലിൽനിന്ന് ഭക്ഷണം കഴിച്ചു. വൈകുന്നേരം തണുപ്പ് കൂടി. മലയുടെ മുകളിൽനിന്ന് നോക്കുമ്പോൾ കോടമഞ്ഞ് കാർമേഘത്തെപോലെ കാണാം. പിറ്റേദിവസം കൂന്നൂരിനടുത്തുള്ള ബൊട്ടാണിക്കൽഗാർഡനിൽ പോയി. അവിടെനിന്നും കുതിരസവാരി കഴിഞ്ഞ് റൂമിലേക്ക് തിരിച്ചുവന്നു.

തിരിച്ച് കേരളത്തിലേക്ക് മടങ്ങുംവഴി ഞങ്ങൾ വീണ്ടും മലമുകളിലേക്ക് കയറി. അവസാനത്തെ ഊട്ടികാഴ്ചക്കുവേണ്ടി. കൂന്നൂരിൽനിന്നും സുന്ദരമായ കാഴ്ചകൾ മനസിൽ പതിപ്പിച്ച് ഇന്ത്യയുടെചിലങ്കയെന്ന് വള്ളത്തോൾ വിശേഷിപ്പിച്ച ദൈവത്തിൻറെ സ്വന്തം നാടായ കേരളത്തിലേക്ക് ഞങ്ങൾ തിരിച്ചു.

ദേവനന്ദ സി.കെ.

8A



***Contribution to library***